(ബി) ഈ വർദ്ധനവുമൂലം കോർപ്പറേഷന് നഷ്ടം ഇല്ലാതെ സർവ്വീസ് നടത്താൻ കഴിയുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) പുതിയ യാത്രാക്കൂലി നിരക്കുകൾ നടപ്പിൽ വന്നശേഷം കിലോ മീറ്ററിനുള്ള വരുമാനം ശരാശരി 35 പൈസ വീതം വർദ്ധിച്ചിട്ടുണ്ട്.

(ബി) ഈ വർദ്ധനവുമൂലം യാത്രാ നഷ്ടം ഇല്ലാതാക്കാൻ കഴിയുമെന്നു തോന്നുന്നില്ല. എങ്കിലും കോർപ്പറേഷന്റെ നഷ്ടം കുറക്കാൻ സാധിച്ചിട്ടുണ്ട്.

മധുരാകോഡ്സ് വികസനപ്രവർത്തനം

* 334. [393] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മധുരാകോഡ്സ് വികസനപ്രവർത്തനം ഇപ്പോൾ വേണ്ടെന്നു വയ്ക്കുവാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ ;

(ബി) തമിഴ്നാട്ടിലേക്ക് ഓരോ പാർട്ടുകളും കൊണ്ടുപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനെപ്പറ്റി ഒന്ന് അന്വേഷിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ആഴ്ചയിൽ 7 പ്രവൃത്തിദിവസം എന്ന ആശയം നടപ്പിലാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ഒരു പദ്ധതിയാണ് കമ്പനി വിഭാവന ചെയ്തിരുന്നത്. എന്നാൽ തൊഴിലാളി യൂണിയനുകളുമായി ഇക്കാര്യത്തിൽ ഒരു കരാറുണ്ടാക്കാൻ കഴിയാത്തതുമൂലം പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നാണ് അറിയുന്നത്.

(ബി & സി) കൊരട്ടി യൂണിറ്റിൽനിന്നും ഒരു വിഭാഗവും തമിഴ്നാട്ടിലേക്ക് മാറ്റിക്കൊണ്ടുപോയിട്ടില്ലായെന്നാണ് ഗവൺമെന്റിനു അറിയാൻ കഴിഞ്ഞിട്ടുള്ളത്.

പുതിയതായി അനുവദിച്ച ആർ. ടി. ഓഫീസുകൾ

* 335. [394] ശ്രീ. പി. സി. ജോർജ്ജ് :

,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതിയതായി എത്ര ആർ. ടി. ഓഫീസുകൾ തുടങ്ങി ;

(ബി) അവ എവിടെയെല്ലാം ;

(സി) ആരംഭിച്ചതിന്റെ മാനദണ്ഡം എന്ത് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 1985-ൽ ആർ. ടി. ഓഫീസുകൾ പുതിയതായി തുടങ്ങിയിട്ടില്ല.

(ബി, സി) എയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly